സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ

45. [45] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ്മുതൽ 2006 ജനുവരി 15 വരെ സ്ത്രീകൾക്കെതിരെ നടന്ന എത്ര അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ കൊലപാതകങ്ങൾ. ബലാൽസംഗങ്ങൾ, തട്ടിക്കൊണ്ടുപോകൽ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീധന പീഡന ആത്മഹത്യകൾ, സ്തീധന പീഡന മരണങ്ങൾ എന്നിവ സംബന്ധിച്ച പ്രത്യേക കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്ക് നേരെ നടന്ന ബലാൽസംഗങ്ങൾ, ലൈംഗിക പീഡനങ്ങൾ എന്നിവ എത്ര; ഇവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതികളിൽ കുറ്റപത്രം സമർപ്പിച്ചതെത്രയെന്നും പ്രതികളെ ശിക്ഷിച്ചിട്ടുള്ളതെത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി)) വിവരം ശേഖരിച്ചുവരുന്നു.

സ്മാർട്ട്സിറ്റി പദ്ധതി

46. [46] ശ്രീ. ടി. കെ. ദേവകുമാർ:
,, പി. ജയരാജൻ:
,, എ. സി. മൊയ്തീൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ആരംഭിക്കുന്ന സ്മാർട്ട്സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി സർക്കാർ ഇതിനകം നടത്തിയ ചർച്ചകളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) സ്മാർട്ട്സിറ്റി പദ്ധതി നടപ്പാക്കുന്നതിനായി ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി സർക്കാർ ധാരണാപത്രത്തിൽ ഒപ്പു വെച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ധാരണാപത്രത്തിലെ വ്യവസ്ഥയനുസരിച്ച് സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുകൊടുക്കാമെന്ന് സമ്മതിച്ചിട്ടുള്ളത്; ഇതിനകം എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്തുകൊടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്മാർട്ട്സിറ്റി നടപ്പാക്കുന്നതിന് ഇൻഫോപാർക്ക് വിട്ടുകൊടുക്കാമെന്ന് സർക്കാർ സമ്മതിച്ചിട്ടുണ്ടോ;

(ഡി) സ്മാർട്ട്സിറ്റി നടപ്പാക്കുന്നതിന് എത്ര ഏക്കർ ഭൂമിയാണ് സൗജന്യമായി നൽകുന്നത്;

(ഇ) സ്മാർട്ട്സിറ്റി പദ്ധതിയിൽ സർക്കാരിന് എത്ര ശതമാനം ഓഹരിയാണുള്ളത്;

(എഫ്) സ്മാർട്ട്സിറ്റി പദ്ധതിക്കായി, ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി ഇതിനകം ഉണ്ടാക്കിയ കരാറുകളുടെ വിശദാംശം വെളിപ്പെടുത്തുമോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ജി) ദുബായ് ഇന്റർനെറ്റ് സിറ്റിയുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഏതെല്ലാം കാര്യങ്ങളിലാണ് തീരുമാനം ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എച്ച്) സ്മാർട്ട്സിറ്റി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അന്തിമ കരാറിൽ ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഐ) പദ്ധതി നടപ്പിലായാൽ സംസ്ഥാനത്തിന് ഉണ്ടാകാവുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ജെ) സ്മാർട്ട്സിറ്റി പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പ് പ്രതിപക്ഷ കക്ഷികളുടെ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് തീരുമാനം ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സ്മാർട്ട്സിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് ദുബായ് ഇന്റർനെറ്റ് സിറ്റിയുടെ പ്രതിനിധികളുമായി താഴെപ്പറയുന്ന സമയങ്ങളിൽ നേരിട്ടുള്ള ചർച്ചകൾ നടത്തിയിട്ടുണ്ട്.

1. 31 ഒക്ടോബർ 2004.
2. 23 ജനുവരി 2005
3. 27 ഏപ്രിൽ 2005
4. 4 ഒക്ടോബർ 2005.

ഇതുവരെ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ധാരണകളിലാണ് എത്തിച്ചേർന്നിരിക്കുന്നത്.

1. സംസ്ഥാന സർക്കാരിന് 9% ഉം ദുബായ് ഇന്റർനെറ്റ് സിറ്റിക്ക് 91% ഓഹരികൾ വീതവുമുള്ള ഒരു ഇന്ത്യൻ കമ്പനി (SPV)യിലൂടെ ഏകദേശം 2500 കോടി മൂലധന നിക്ഷേപത്തിൽ (Total Project Cost) സ്മാർട്ട്സിറ്റി എന്ന പദ്ധതി സ്ഥാപിക്കുവാൻ തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. ഇൻഫോ പാർക്കിന്റെ കാക്കനാടുള്ള ആസ്തികൾ 109 കോടി രൂപ വിലയ്ക്ക് ഈ പദ്ധതിയുടെ ഭാഗമാക്കുവാൻ തീരുമാനിച്ചു.

3. ഇൻഫോ പാർക്കിന്റെ വികസനത്തിനായി അക്വയർ ചെയ്യുവാൻ ഉദ്ദേശിച്ചിരിക്കുന്ന 136 ഏക്കർ സ്ഥലം 36 കോടി രൂപയ്ക്ക് ദുബായ് ഇന്റർനെറ്റ് സിറ്റിക്ക് കൈമാറുവാൻ ധാരണയായിട്ടുണ്ട്.

4. കെ. എസ്. ഇ. ബി.-യുടെ ഉടമസ്ഥതയിലുള്ള ബ്രഹ്മപുരത്തെ 100 ഏക്കർ സ്ഥലം പാട്ടത്തിനെടുത്ത് ദുബായ് ഇന്റർനെറ്റ് സിറ്റിക്ക് കൈമാറുവാനും ഇതിന് പകരമായി 10 വർഷത്തെ കാലയളവിൽ 33,300 തൊഴിലവസരങ്ങൾ ദുബായ് ഇന്റർനെറ്റ് സിറ്റി പുതുതായി സൃഷ്ടിക്കുമെന്നും ധാരണയായിട്ടുണ്ട്.

(ബി) സ്മാർട്ട്സിറ്റി പദ്ധതി നടപ്പാക്കുന്നതിനായി സർക്കാർ ദുബായ് ഇന്റർനെറ്റ് സിറ്റിയുമായി 9 സെപ്റ്റംബർ 2005-ൽ ധാരണാ പത്രത്തിൽ ഒപ്പു വെച്ചിട്ടുണ്ട്. താഴെ പറയുന്ന കാര്യങ്ങളാണ് ചെയ്തുകൊടുക്കാമെന്ന് ധാരണയായിട്ടുള്ളത്.

1. പ്രത്യേക സാമ്പത്തിക മേഖല പദവി നേടുവാനുള്ള സഹായം.
2. ഏകജാലക സംവിധാന നടപടികൾ.
3. വ്യവസായ മേഖല പ്രഖ്യാപന നടപടികൾ ഇതിനകം സർക്കാർ ഒന്നും ചെയ്തുകൊടുത്തിട്ടില്ല.

(സി) ഉണ്ട്.

(ഡി) 100 ഏക്കർ ഭൂമി ഏക്കറിന് ഒരു രൂപ നിരക്കിൽ പാട്ടത്തിനാണ് നൽകുന്നത്.

(ഇ) സർക്കാരിന് 9% ഓഹരിയാണുള്ളത്.

(എഫ്) ഇതിനകം കരാറുകൾ ഒന്നും ഉണ്ടാക്കിയിട്ടില്ല.

(ജി) ഇതിനുള്ള ഉത്തരം (എ)-ൽ പറഞ്ഞിട്ടുണ്ട്.

(എച്ച്) കരാറിൽ ഒപ്പു വച്ചിട്ടില്ല.

(ഐ) 1. IT/ITES സംരംഭങ്ങൾക്കുള്ള വൻകിട നിക്ഷേപത്തിന് പറ്റിയ സംസ്ഥാനമാണ് കേരളം എന്ന ഒരു പ്രതിച്ഛായ സൃഷ്ടിച്ചെടുക്കുന്നതുവഴി കേരളത്തിലേക്ക് ധാരാളം നിക്ഷേപങ്ങളും അതിനോട് അനുബന്ധിച്ച് ധാരാളം വികസനപ്രവർത്തനങ്ങളും ഉറപ്പാക്കാൻ കഴിയും.

2. 33,300-ഓളം നേരിട്ടുള്ള തൊഴിൽ അവസരങ്ങളും ഏകദേശം അത്രത്തോളം തന്നെ നേരിട്ടല്ലാതെയുള്ള തൊഴിൽ അവസരങ്ങളും കേരളത്തിൽ സൃഷ്ടിക്കപ്പെടും.

3. ഇന്ന് കേരളത്തിൽ നിന്ന് ഐ. ടി. മേഖലയിൽ കയറ്റുമതി ചെയ്യുന്ന 300 കോടി രൂപയുടെ പലമടങ്ങ് കയറ്റുമതി വർഷം തോറും കൈവരിക്കാനാവും.

LIBRARY ARCHIVES Kerala Legislative Assembly

4. ഈ പദ്ധതിക്കുവേണ്ടി സർക്കാർ പ്രത്യക്ഷമായും പരോക്ഷമായും ചെലവഴിക്കുന്ന തുകയിലും അധികം തുക നികുതിയിനത്തിലും സർക്കാരിന് നേരിട്ടുള്ള വരുമാനമായും ലഭിക്കും.

5. വ്യവസായ നഗരമായ കൊച്ചിയുടെ പ്രതിച്ഛായ വർദ്ധിപ്പിക്കുവാനും സാമ്പത്തികമായ നേട്ടങ്ങൾ കൈവരിക്കുവാനും വിവര സാങ്കേതിക രംഗത്ത് ഇന്ത്യയിലെ അറിയപ്പെടുന്ന നഗരമായി കൊച്ചിയെ വളർത്തിയെടുക്കുവാനും സ്മാർട്ട്സിറ്റി പദ്ധതിക്ക് കഴിയും.

6. IT/Biotech മേഖലകളിൽ ജോലി ചെയ്യുന്ന പ്രഗത്ഭരായ ആളുകളുടെ ഒരു സുപ്രധാന അധിവാസ കേന്ദ്രമായി കൊച്ചി വരുമെന്നതിനാൽ ഇവിടുത്തെ വിദ്യാഭ്യാസ രംഗത്തും സാമൂഹിക സാംസ്കാരികമായ മേഖലകളിലും ഒരു വൻകുതിച്ച് ചാട്ടത്തിന് സ്മാർട്ട്സിറ്റി പദ്ധതി വഴിയൊരുക്കും.

(ജ) പ്രതിപക്ഷ കക്ഷികളുമായി 2005 ജൂൺ 24-ൽ ചർച്ച നടത്തുകയുണ്ടായി. സംസ്ഥാനത്തിന്റെ ഉത്തമ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഈ പദ്ധതി നടപ്പാക്കുന്നതാണെന്ന് സർക്കാർ ഉറപ്പു നൽകിയിട്ടുണ്ട്.

മന്ത്രിമാരുടെ ചെലവ്

47. [47] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഓരോ മന്ത്രിമാരും നടത്തിയ വിദേശ യാത്രകൾ എത്ര; ഇതിന് എത്ര തുക ചിലവായി; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഓരോ മന്ത്രിമാരും നടത്തിയ ഡൽഹി യാത്രകൾ എത്ര; മറ്റ് സംസ്ഥാന യാത്രകൾ എത്ര; അതിന് ചെലവായ തുക എത്ര?

ഉത്തരം

(എ) അനുബന്ധം X-ൽ ചേർത്തിട്ടുണ്ട്.†. യാത്രകൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച കാര്യങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) അനുബന്ധം Xഎ-ൽ ചേർത്തിട്ടുണ്ട്.††.

പി. എസ്. സി. വഴിയുള്ള നിയമനം

48. [48] ശ്രീ. കെ. കെ. ഷാജു:

" ഉമേഷ് പള്ളിയിൽ:

" എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

†, †† അനുബന്ധം X, Xഎ

LIBRARY ARCHIVES Kerala Legislative Assembly